<u>ഭരണഭാഷ-മാതൃഭാഷ</u>

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**ഹയർസെക്കൻ്ററി വിഭാഗം,**
**ഡി.പി.ഐ ന്യൂ ബിൽഡിംഗ്,**
**ഉള്ളൂർ ലെയിൻ, ജഗതി**
**ഫോൺ:** 0471-2580737
**മെയിൽ**-cgacdhse@gmail.com

**സി.ജി.എ.സി-1/15917/2024/എച്ച്.എസ്.ഇ** **തീയതി** :27-05-2025

## <u>സർക്കുലർ</u>

**വിഷയം:- പൊ .വി.വ-ഹ.സെ.വി സി.ജി&എ.സി-കരിയർ ഗൈഡ്/ സൗഹൃദകോഡിനേറ്റർമാർക്കുള്ള നിർദ്ദേശങ്ങൾ- സംബന്ധിച്ച്**

കരിയർ ഗൈഡൻസ് ആൻഡ് അഡോളസെൻ്റ് കൗൺസിലിംഗ് സെല്ലിൻ്റെ സ്കൂൾതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ സ്കൂളിലും ഇൻട്രൊഡക്ടറി ട്രെയിനിങ്ങ് ലഭിച്ച ഒരു അധ്യാപകൻ /അധ്യാപിക കരിയർ ഗൈഡ്/ സൗഹൃദ കോഡിനേറ്ററായി പ്രവർത്തിച്ചുവരുന്നു.

**ഇൻട്രൊഡക്ടറി ട്രെയിനിങ് നേടുന്ന അധ്യാപകർ കുറഞ്ഞത് തുടർന്നുവരുന്ന മൂന്നുവർഷം കരിയർ ഗൈഡ്/സൗഹൃദ കോഡിനേറ്റർ സ്ഥാനം വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.** ഇൻട്രൊഡക്ടറി ട്രെയിനിങ് കഴിഞ്ഞ അധ്യാപകർ സ്കൂളിൽ ഉള്ളപ്പോൾ ട്രെയിനിങ് ലഭിക്കാത്ത അധ്യാപകരെ കരിയർ/സൗഹൃദ ചാർജ് ഏൽപ്പിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. **ട്രെയിനിങ് ലഭിക്കാത്ത അധ്യാപകർക്ക് ഒരു കാരണവശാലും സൗഹൃദ/കരിയർ ചാർജ് നൽകരുത്.**

മൂന്നുവർഷത്തിൽ കൂടുതലായി കരിയർ/സൗഹൃദ കോഡിനേറ്റർമാരായി നിലവിൽ തുടരുന്ന അധ്യാപകർ അടുത്ത ഇൻട്രൊഡക്ടറി ട്രെയിനിങ് നൽകുന്നതുവരെയുള്ള കാലയളവിൽ തൽസ്ഥാനത്ത് തുടരേണ്ടതാണ്.

ഒരു സ്കൂളിൽ ഒന്നിൽ കൂടുതൽ അധ്യാപകർക്ക് ട്രെയിനിങ് ലഭിച്ചിട്ടുണ്ടെങ്കിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ചാർജ് നൽകാവുന്നതാണ്.

കരിയർഗൈഡ്/സൗഹൃദ കോഡിനേറ്റർമാരായി പ്രവർത്തിക്കുന്ന അധ്യാപകരുമായി ബന്ധപ്പെട്ട മേൽ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽമാർ കൃത്യമായി പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശം എല്ലാ സ്കൂളുകളും പാലിക്കുന്നുണ്ടെന്ന് റിജ്യണൽ ഡപ്യൂട്ടി ഡയരക്ടർമാർ

ഉറപ്പുവരുത്തേണ്ടതാണ്

Signed by
Shajitha S
Date: 27-05-2025 12:35:56

Dr SHAJITHA S
ജോ.ഡയരക്ടർ,അക്കാദമിക്